പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2813

20.6.2013- ൽ
മറുപടിക്ക്

കയർ ഉൽപന്ന മേഖലയിലെ കുറഞ്ഞ കൂലി വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>" സി. പി. മുഹമ്മദ്<br>" അൻവർ സാദത്ത്<br>" വി. പി. സജീന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കയർ ഉൽപന്ന മേഖലയിലെ കുറഞ്ഞ കൂലി വർദ്ധിപ്പിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കയർ ഉൽപന്നമേഖലയിലെ കുറഞ്ഞ കൂലി 285/- രൂപയിൽ നിന്നും 01.03.2013 മുതൽ 360/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയർ മേഖലയിൽ നിലനിന്നിരുന്ന അനാകർഷകമായ കൂലി വ്യവസ്ഥ മൂലം തൊഴിലാളികൾ ഈ മേഖലയിൽ നിന്നും താരതമ്യേന കൂലി കൂടുതലുള്ള മറ്റ് മേഖലകളിലേക്ക് തൊഴിൽ തേടിപ്പോകുന്ന അവസ്ഥ ഒഴിവാക്കുവാനും<br>കയർമേഖലയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായിട്ടുമാണ് കയറുല്പന്ന/കയർപിരി മേഖലകളിലെ കുറഞ്ഞ കൂലി വർദ്ധിപ്പിച്ചിട്ടുള്ളത്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്നും വിശദമാക്കുമോ; | സി) ട്രേഡു യൂണിയൻ പ്രതിനിധികൾ, കയറ്റുമതി പ്രതിനിധികൾ തുടങ്ങിയ വരെ സഹകരിപ്പിച്ചും ചർച്ച നടത്തിയുമാണ് ഇപ്രകാരം കൂലി നിശ്ചയിക്കുന്നത്. |
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി)കയറുല്പന്ന മേഖലയിലെ കൂലി വർദ്ധനവ് സംബന്ധിച്ച് ബഹു. റവന്യൂ-കയർ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കയറുല്പന്ന മേഖലയിലെ തൊഴിലുടമാ പ്രതിനിധികളുമായും, തൊഴിലാളി പ്രതിനിധികളുമായും, തൊഴിൽ<br>വകുപ്പു പ്രതിനിധികളുമായി 27.02.2013-ന് ആലപ്പുഴയിൽ വച്ച് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കയറുല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 285/- രൂപയിൽ നിന്ന് 01.03.2013 മുതൽ 360/- രൂപയായി വർദ്ധിപ്പിക്കുന്നതിന് ധാരണയായത്. |

സെക്ഷൻ ഓഫീസർ